# വീരശൈവ യു.പി.എസ്സ്

## ചെറുമുഖ



# വിദ്യാലയ വികസന റിപ്പോർട്ട്

## 2025-2026

# വിദ്യാലയ വികസന പദ്ധതി രേഖ

## 2025 – 2026

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | വീരശൈവ യു.പി.എസ്സ് ചെറുമുഖ |
| പഞ്ചായത്ത് | : | നൂറനാട് |
| വിദ്യാഭ്യാസ ഉപജില്ല | : | മാവേലിക്കര |
| വിദ്യാഭ്യാസ ജില്ല | : | ആലപ്പുഴ |
| റവന്യൂ ജില്ല | : | ആലപ്പുഴ |

# ആമുഖം

കേരളത്തിന്റെ വികസനത്തിൽ നിർണ്ണായക പങ്കാണ് പൊതുവിദ്യാഭ്യാസത്തിനുള്ളത് . ഈ മേഖലയുടെ വളർച്ചയും മുന്നേറ്റവുമാണ് കേരളത്തെ മികവിലേക്കു നയിക്കുന്ന ശക്തിയാവുക. ഈ വസ്തുത തിരിച്ചറിഞ്ഞുകൊണ്ട് സംസ്ഥാന സർക്കാരും വിദ്യാഭ്യാസ വകുപ്പും മുന്നോട്ടു വച്ച പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം കേരളത്തിലെ അക്കാദമിക സമൂഹവും ജനങ്ങളും ഏറ്റെടുത്തു കഴിഞ്ഞു. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതു വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കാനും തീരുമാനിച്ചിട്ടുണ്ട്.

വിദ്യാലയ വികസന പദ്ധതി നടപ്പാക്കുന്നതിന് പ്രാദേശിക ഗവൺമെന്റുകൾ, പൂർവ്വവിദ്യാർഥികൾ, സഹകരണ സ്ഥാപനങ്ങൾ, പൊതുസമൂഹം തുടങ്ങിയ ലഭ്യമായ എല്ലാ സ്രോതസ്സുകളിൽ നിന്നും വിഭവസമാഹരണം നടത്തുന്നതിനും അവസരമൊരുക്കുന്നുണ്ട്. "പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രമാക്കുക"എന്ന മഹത്തായ ലക്ഷ്യമാണ് മുന്നോട്ടുവെച്ചിട്ടുള്ളത്.

സ്കൂൾവികസനപദ്ധതികൾ അക്കാദമികം, ഭൗതികം, സാമൂഹികം എന്നീ തലങ്ങളിൽ വികസിപ്പിക്കുകയും ചർച്ചയിലൂടെ അത് മഹത്തരമാക്കുകയും ചെയ്തിട്ടുണ്ട്. വീരശൈവ യു.പി.എസ്സ്, ചെറുമുഖയെ മികവിന്റെ കേന്ദ്രമാക്കുന്നതിനായി തയ്യാറാക്കിയ സമഗ്ര ഗുണമേന്മാ വികസനപദ്ധതി ഇവിടെ സമർപ്പിക്കുകയാണ്. ഗുണമേന്മയുള്ള വിദ്യാഭ്യാസം ഓരോ കുട്ടിയുടെയും അവകാശമാണ് . ഇതിനുവേണ്ടിയുള്ള സംഘടിത ശ്രമത്തിന് എല്ലാ സഹകരണവും പിന്തുണയും അഭ്യർത്ഥിക്കുന്നു.

എന്ന്

ആര്യാദേവി.ജി
ജോ.കൺവീനർ
വീരശൈവ യു.പി.എസ്സ്, ചെറുമുഖ

ശ്രീകലാദേവി. പി.ൻ
കൺവീനർ
വീരശൈവ യു.പി.എസ്സ്, ചെറുമുഖ

# ലക്ഷ്യങ്ങൾ

മികവിന്റെ കേന്ദ്രമായി പൊതു വിദ്യാലയങ്ങളെ വളർത്തുന്നതിനും, 'ഗുണമേന്മയുള്ള വിദ്യാഭ്യാസം ഓരോ കുട്ടിയുടെയും അവകാശം' എന്ന ലക്ഷ്യം കൈവരിക്കുന്നതിനുമാണ്. 'പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ആരംഭിച്ചിട്ടുള്ളത്. ദേശീയപാഠ്യപദ്ധതി (NCF ഉം KCF ) ചട്ടക്കൂട്ടിന്റെ നിർദ്ദേശങ്ങളിലും വിദ്യാഭ്യാസ അവകാശനിയമം മുന്നോട്ടുവെക്കുന്ന ആശയങ്ങളിലും ഊന്നി നിന്നുകൊണ്ടാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ നിർണയിച്ചത്.

- ❖ അന്താരാഷ്ട്ര പഠനനിലവാരം (ഹൈടെക്) ഉറപ്പാക്കുന്നതിനാവശ്യമായ പഠന ഉപകരണങ്ങൾ, ഭൗതീകസാഹചര്യങ്ങൾ ഇവ വിദ്യാലയത്തിൽ ഉറപ്പാക്കണം.
- ❖ ICT അധിഷ്ഠിത പഠനത്തിനാവശ്യമായ ദൗതികസൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും.
- ❖ ഉന്നതനിലവാരത്തിലുള്ള അധ്യാപനത്തിന് അധ്യാപക ശാക്തീകരണ പരിപാടികൾ ആസൂത്രണം ചെയ്യും.
- ❖ കലാ, കായിക, പ്രവൃത്തിപരിചയ മികവ് ഉറപ്പാക്കാനാവശ്യമായ സൗകര്യങ്ങൾ ഒരുക്കും.
- ❖ ഗവേഷണാത്മക അധ്യാപനത്തിനും പഠനത്തിനും അവസരമൊരുക്കും.
- ❖ പഠനത്തിലെ പിന്നോക്കക്കാരെ കണ്ടെത്തി ആവശ്യമായ സഹായങ്ങൾ നൽകും.
- ❖ സ്കൂൾ ലൈബ്രറി, ലാബ് ഇവ ആധുനികവത്കരിക്കും.
- ❖ വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യങ്ങൾ വികസിപ്പിക്കും.
- ❖ പ്ലാസ്റ്റിക് മുക്ത, കീടനാശിനി മുക്ത, ലഹരിമുക്ത കാമ്പസുകൾ സൃഷ്ടിക്കും.
- ❖ ജൈവവൈവിധ്യ ഉദ്യാനം എന്ന ആശയം സ്കൂളിൽ നടപ്പാക്കും.
- ❖ കൃഷി ഒരു സംസ്കാരമായി വളർത്തിയെടുക്കുക.
- ❖ പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾ പ്രത്യേകപരിഗണന നല്കി മുഖ്യധാരയിലെത്തിക്കും.

## വിദ്യാലയത്തിന്റെ ചരിത്രം

വീരശൈവ സമുദായത്തിൽ ചെറുമുഖശാഖയിൽ 54 കുടുംബാംഗങ്ങളിൽ നിന്നായി തിരഞ്ഞെടുത്ത 7 കമ്മിറ്റി അംഗങ്ങളുടെ നേതൃത്വത്തിൽ 1976/77 സ്കൂൾ വർഷത്തിൽ V,VI,VII എന്നീ ക്ലാസുകൾ ആരംഭിച്ചപ്പോൾ രണ്ട് ഡിവിഷനുകൾ വീതം ഉണ്ടായിരുന്നു. എട്ട് അധ്യാപകരാണ് അന്ന് അധ്യാപനം നടത്തിയിരുന്നത്. സ്കൂൾ മാനേജർ പദവി അലങ്കരിക്കുന്നത് സമുദായ പ്രസിഡന്റ് ആണ്. അന്ന് ഈ കെട്ടിടത്തോടൊപ്പം ഒരു കിണറും മൂത്രപ്പുരയും ഉണ്ടായിരുന്നു. 1978 -ൽ ആറ്റുവ, ചെറുമുഖ, പാറ്റൂർ പ്രദേശത്ത് ഒരു ഗവ.എൽ.പി. സ്കൂൾ മാത്രമേ അന്ന് നിലവിൽ ഉണ്ടായിരുന്നുള്ളു. അന്ന് പന്തളം ഉപജില്ലയിലെ (ഇന്ന് മാവേലിക്കര) ഇടപ്പോൺ ഒരു യു.പി. സ്കൂൾ മാത്രമേ ഉണ്ടായിരുന്നുള്ളു. 4കി.മി അപ്പുറം പത്തനംതിട്ട ജില്ലയിലെ തോട്ടക്കോണം എച്ച്.എസ് മാത്രമേ ഉണ്ടായിരുന്നുള്ളു. ഈ സാഹചര്യത്തിലാണ് അന്നത്തെ സഭാംഗങ്ങളായ കെ.പി.നാരായണ പിള്ള, കെ.വി.നാരായണ പിള്ള സി.എൻ.ഗോപാലകൃഷ്ണപിള്ള (ഇന്നത്തെ മാനേജർ) കെ.എൻ. ശങ്കരപിള്ള, സി.വി ശങ്കരൻപിള്ള, എ.എസ്സ്.രാമകൃഷ്ണപിള്ള, കൊച്ചുകുഞ്ഞ് പിള്ള, കെ.പി. ശങ്കരപിള്ള, തദ്ദേശവാസികളായ ശ്രീ.റ്റി.എസ്സ്.കോശി (Retd.H M,G L P S Cherumugha) നാരായണപിള്ള, പള്ളിയിലയ്യത്ത് (അന്നത്തെ പഞ്ചായത്ത് വൈസ് പ്രസിഡന്റ്) ജോൺ സാർ ഇവരുടെ നേതൃത്വത്തിൽ സ്കൂൾ ആരംഭിക്കുന്നതിനായുള്ള ആലോചനയോഗം നടത്തി. അതിന്റെ അടിസ്ഥാനത്തിൽ വിദ്യാലയം നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം താഴെ പറയുന്ന അംഗങ്ങളിൽ നിന്നും സഭയുടെ പേരിൽ വിലയാധാരമായി വാങ്ങി. (കെ.പി.നാരായണപിള്ള, കെ.വി.നാരായണപിള്ള, കെ.എൻ. ശങ്കരപിള്ള, ശ്രീമതി. തങ്കമ്മ), അന്നത്തെ സമുദായാംഗങ്ങളുടേയും, നാട്ടുകാരുടേയും സഹകരണത്തോടെ1976 ജൂൺ 1-ാം തീയതി ബഹുമാനപ്പെട്ട എം.എൽ.എ ശ്രീ.ദാമോദരൻ കാളാശ്ശേരിയുടെ സഹായത്തോടെ സ്കൂൾ പ്രവർത്തനം ആരംഭിച്ചു. ഈ വിദ്യാലയത്തിൽ തുടക്കത്തിൽ രണ്ടു ഡിവിഷനുകളായി 250 കുട്ടികളോളം ഉണ്ടായിരുന്നു. പാഠ്യ-പാഠ്യേതര വിഷയങ്ങളിൽ മികവു പുലർത്തിയിരുന്ന ഈ വിദ്യാലയത്തിൽ നിന്നും സമൂഹത്തിന്റെ വിവിധ തലങ്ങളിൽ (സൈനികർ, അധ്യാപകർ, എഞ്ചിനീയർ, നഴ്സുമാർ) സേവനം അനുഷ്ടിക്കുന്ന വ്യക്തികളെ വാർത്തെടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

## സ്കൂൾ മികവിന്റെ കാഴ്ചപ്പാട്

- കേരളത്തിന്റെ സാംസ്കാരികവും സാമൂഹികവും സർഗ്ഗാത്മകവുമായ പാരമ്പര്യം കാത്തുസൂക്ഷിക്കാനും ഭരണഘടനാ മൂല്യങ്ങൾ ഉൾക്കൊണ്ട് പ്രവൃത്തിക്കുന്ന ഒരു സമൂഹത്തെ സൃഷ്ടിക്കാനും ഉതകും വിധം എല്ലാ കുട്ടികൾക്കും വൈവിധ്യമാർന്ന അനുഭവം ഒരുക്കുക.
- V-VII വരെ ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി പ്രവർത്തനങ്ങളി ലേർപ്പെടാൻ കഴിയും വിധം സമൂഹത്തിലെ വിവിധ ഘടകങ്ങളെ ഏകോപിപ്പിക്കുക.
- എല്ലാ കുട്ടികൾക്കും ലിംഗഭേദമന്യേ പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന ആശയങ്ങളും ധാരണകളും ശേഷിയും നൈപുണിയും മനോഭാവവും മൂല്യങ്ങളും അന്താരാഷ്ട്ര നിലവാരത്തോട് (ഹൈ-ടെക്) കിടപിടിക്കും വിധം ആർജ്ജിക്കാനവസരമൊരുക്കുക.
- ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി അധ്യയനം ഉറപ്പാക്കുക.
- വിദഗ്ദ്ധരായ അധ്യാപകരുടെ സേവനം ലഭ്യമാക്കുക. അധ്യാപകരുടെ മികവ് വികസിപ്പിക്കുന്നതിന് പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്യുക.
- കുട്ടികളുടെ സർഗ്ഗക്രിയാ ശേഷികളെ പരിപോഷിപ്പിക്കുന്നതിന് അവസരമൊരുക്കുക.
- ഗവേഷണാത്മക അദ്ധ്യാപനത്തിനും, ഗവേഷണാത്മക പഠനത്തിനും അവസരമൊരുക്കുക.
- സ്വയം പഠനം, സംഘപഠനം ഇവ ഉറപ്പാക്കുന്നതിന് സഹായകമായ ലൈബ്രറി, ലാബ് എന്നിവ സ്ഥാപനവല്ക്കരിക്കുക.
- സമ്പൂർണ്ണ ശുചിത്വം, ലഹരി, പ്ലാസ്റ്റിക്, കീടനാശനി മുക്ത കാമ്പസ് സൃഷ്ടിക്കുക.
- 'പ്രകൃതി തന്നെപാഠം' എന്ന ദർശനം ഉൾക്കൊള്ളുന്ന പാഠ്യപദ്ധതി രൂപപ്പെടുത്തുക.
- 'കൃഷി ഒരു സംസ്കാരം' എന്ന കാഴ്ചപ്പാട് രൂപപ്പെടുത്തുക.
- 'പ്രാദേശിക വിഭവ പടം'തയ്യാറാക്കി പ്രതിഭകളുടെ സേവനം വിദ്യാലയത്തിന് ലഭ്യമാക്കുക.

# നിലവിലെ അവസ്ഥാ വിശകലനം

നൂറനാട് പഞ്ചായത്തിലെ ചെറുമുഖയിൽ സ്ഥിതി ചെയ്യുന്ന വീരശൈവ യു.പി.എസ്സ് എന്ന വിദ്യാലയത്തിന്റെ V മുതൽ VII വരെയുള്ള ക്ലാസുകളാണ് ഉള്ളത്. ഒരോ ക്ലാസ്സിനും ഓരോ ഡിവിഷനുകളാണ് അനുവദിച്ചിട്ടുള്ളത്. സ്കൂൾ കെട്ടിടത്തോടൊപ്പം, കമ്പ്യൂട്ടർ ലാബ്, കഞ്ഞിപ്പുര ഇവയുണ്ട്. 2004 ൽ സ്കൂളിന് ചുറ്റുമതിലും രണ്ടു ടോയിലറ്റുകളും ഒരു ബാത്ത്റൂമും നിർമ്മിച്ചു. 2005 ൽ സ്കൂളിനു സ്വന്തമായി ഒരു വാഹനം അധ്യാപകരുടേയും മാനേജ്മെന്റിന്റെയും കൂട്ടായ്മയോടെ വാങ്ങി. 200ൽ ശ്രീ.കെ.കെ.ഷാജു. എം.എൽ.എ യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും രണ്ടു കമ്പ്യൂട്ടറുകളും 2015ൽ ശ്രീ.ആർ.രാജേഷ് എം. എൽ.എ യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും രണ്ടു കമ്പ്യൂട്ടറുകളും ഒരു പ്രിന്ററും ലഭിച്ചിട്ടുണ്ട്.2009 ൽ നൂറനാട് ഗ്രാമപഞ്ചായത്തിന്റെ കുടിലെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് വിദ്യാലയത്തിന് 10 പൈപ്പ് കണക്ഷൻ നൽകി.2015 ൽ ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് സ്കൂൾ ഗ്രൗണ്ടിന്റെ 25 സെന്റ് സ്ഥലം കൃഷിക്കായി ഉപയോഗിക്കുന്നു. സ്കൂളിനോട് ചേർന്നുള്ള ഒന്നര ഏക്കർ വസ്തുവിന് തെക്കും പടിഞ്ഞാറും ഭാഗത്ത് മതിൽകെട്ടും വടക്കു ഭാഗത്ത് തോട്ടം, കിഴക്ക് ഭാഗത്ത് മുള്ളു വേലിയും ഉണ്ട്.

കമ്പ്യൂട്ടർ ലാബിനായി നിർമ്മിച്ച കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങളിൽ ശാസ്ത്ര, ഗണിത ശാസ്ത്ര സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിച്ചിരിക്കുന്നു. ഓഫീസ് റൂമിനകത്തുള്ള ഒരു അലമാരിയിലാണ് ഏകദേശം 2000 ത്തോളം ലൈബ്രറി പുസ്തകങ്ങൾ സൂക്ഷിച്ചിട്ടുള്ളത്. കമ്പ്യൂട്ടർ ലാബിനോട് ചേർന്നുള്ള ഒരു മുറി 'മാനേജർ റൂം' ആയി ഉപയോഗിക്കുന്നു. എല്ലാ ക്ലാസ്സ് മുറികളിലും ഫാൻ ഉണ്ട്. ക്ലാസ്സ് മുറികൾ സ്ക്രീൻ കൊണ്ട് വേർതിരിച്ചിട്ടുണ്ട്. ക്ലാസ്സ് മുറികളുടെ ഒരു ഭാഗം ക്ലാസ്സ് ലൈബ്രറി ആയി ഉപയോഗിക്കുന്നു.

ഇപ്പോൾ ഈ വിദ്യാലയത്തിൽ ആകെ 24 22 കുട്ടികളാണ് അദ്ധ്യയനം നടത്തുന്നത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികളാണ് ഭൂരിഭാഗവും.ആകെ അഞ്ച് അദ്ധ്യാപകരും ഒരു ഓഫീസ് അറ്റന്റഡറും ആണ് ഇവിടെ ഉള്ളത്.

| അദ്ധ്യാപകന്റെ പേര് | കൈകാര്യം ചെയ്യുന്ന വിഷയം |
|---|---|
| 1 ശ്രീകല ദേവി പി.എൻ | ടീച്ചർ - ഇൻ - ചാർജ്ജ്, മലയാളം |
| 2 ആര്യാദേവി ജി | ഗണിതം, അടിസ്ഥാനശാസ്ത്രം<br>ഐ.ടി.-കോ-ഓർഡിനേറ്റർ |
| 3 രജനി .ആർ | ഇംഗ്ലീഷ്, ~~അടിസ്ഥാനശാസ്ത്രം~~ സാമൂഹ്യശാസ്ത്രം<br>S R G Convenor |
| ~~4 നാരായണൻ നമ്പൂതിരി~~ | ~~ഹിന്ദി, വിദ്യാരംഗം കൺവീനർ~~ |
| ~~5 സൂസമ്മ ഡാനിയൽ~~ | ~~സംസ്കൃതം, സോഷ്യൽസയൻസ് വർക്ക് എക്സ്പീരിയൻസ്~~ |

കുട്ടികളുടെ സാമൂഹിക സാമ്പത്തിക അവസ്ഥ പരിഗണിച്ചാൽ ഭൂരിഭാഗം കുട്ടികളും സാമ്പത്തികമായി പിന്നോക്കാവസ്ഥയിലാണ് ഭൂരിഭാഗം രക്ഷകർത്താക്കളും കൂലിപ്പണിയിലൂടെ ഉപജീവനം നടത്തുന്നവരാണ്.

| ആകെ കുട്ടികളുടെ എണ്ണം | APL വിഭാഗം | BPL വിഭാഗം | SC | ST | OBC | OEC | |
|---|---|---|---|---|---|---|---|
| ~~22~~ | ~~2~~ | ~~20~~ | ~~14~~ | ~~5~~ | ~~1~~ | ~~2~~ | 2022-23 |
| 24 | 4 | 20 | 16 | | 3 | | 2023-24 |
| 18 | 4 | 14 | 12 | - | 5 | 1 | 2024-25 |

## പ്രശ്നങ്ങൾ വെല്ലുവിളികൾ

### അക്കാദമികം

- V മുതൽ VII വരെയുള്ള ക്ലാസ്സിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച എല്ലാ ശേഷികളും പ്രതീക്ഷിത നിലവാരത്തിൽ നേടാൻ കഴിയുന്നില്ല.
- ഭിന്നശേഷിക്കാരായ കുട്ടികളുടെ ശാരീരികവും മാനസികവും അക്കാദമികവുമായ പ്രശ്നങ്ങൾ കണ്ടെത്തി നിരന്തര വിലയിരുത്തലിനും പരിഹരിക്കുന്നതിനും ശാസ്ത്രീയ രീതികൾ സ്വീകരിക്കുന്നതിന് അദ്ധ്യാപകരുടെ അഭാവം.
- എല്ലാ കുട്ടികൾക്കും നിശ്ചിത വിഷയത്തിൽ (മലയാളം,ഇംഗ്ലീഷ്,ഹിന്ദി) നിർദ്ദേശിക്കപ്പെട്ട ശേഷികൾ ആർജ്ജിക്കാൻ കഴിയുന്നില്ല.
- പഠന പ്രവർത്തനത്തിന്റേയും ദിനാചരണങ്ങളുടേയും ഭാഗമായി സാംസ്കാരിക പരിപാടികൾ ഉദ്ഗ്രഥിക്കുന്നില്ല.
- കലാ-സാംസ്കാരിക പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പാക്കുന്നില്ല.
- കലാ-കായിക അധ്യാപകരുടെ അഭാവം
- ക്ലബ് പ്രവർത്തനങ്ങൾ പഠനപ്രവർത്തനത്തിന്റെ ഭാഗമാകുന്നില്ല.
- എല്ലാ ക്ലാസുകളിലും Laptop, Projector ഇവയുടെ അഭാവം.

### ഭൗതികം

- ഭിന്നനിലവാരക്കാരുടെ നിർമ്മാണ പ്രവർത്തനങ്ങൾ പരിഗണിച്ച് വിദ്യാലയത്തിൽ (Ramp, Toilet) ഭിന്നനിലവാര സൗഹൃദപരമാകണം.
- ആധുനികമായി സജ്ജീകരിച്ച് സ്കൂൾ ലൈബ്രറി, ലബോറട്ടറി, ഐ.ടി ലാബ്, ലാഗ്വേജ് ലാബ് എന്നിവയുടെ അഭാവം.
- ക്ലാസ് ലൈബ്രറിക്ക് അടിസ്ഥാന സൗകര്യമില്ല.
- ആൺകുട്ടികൾക്ക് ടോയ്‌ലറ്റ്, ഗേൾ ഫ്രണ്ട്‌ലി ടോയ്‌ലറ്റ് എന്നിവയുടെ അഭാവം.
- പ്രഭാത ഭക്ഷണം കഴിക്കാതെ കുട്ടികൾ എത്തുന്നു.
- ഉച്ചഭക്ഷണത്തിന്റെ സാധനങ്ങൾ സൂക്ഷിക്കുന്നതിന് സ്റ്റോർ റൂമിന്റെ അഭാവം
- ഉച്ചഭക്ഷണം വിളമ്പുന്നതിനായി ഡൈനിംഗ് ഹാളിന്റെ അഭാവം.

സാമൂഹികം

- ❖ ഭിന്നശേഷിക്കാരുടെ മികച്ച പഠനത്തിനും ജീവിതത്തിനും നിലവിലുള്ള നിയമ പരീക്ഷയെക്കുറിച്ചുള്ള ധാരണ ഇല്ല.
- ❖ വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതീകവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും, പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുന്നില്ല.
- ❖ പൂർവ്വ വിദ്യാർത്ഥി സംഘടന, പൂർവ്വ അധ്യാപക സംഘടന, എസ്.എം.സി, പി.റ്റി.എ എന്നിവയുടെ സാധ്യതകൾ വേണ്ട വിധം പ്രയോജനപ്പെടുത്തുന്നില്ല.
- ❖ കലാ സാംസ്കാരിക പ്രവർത്തനങ്ങൾ സംബന്ധിച്ച ശരിയായ കാഴ്ചപ്പാട് രക്ഷിതാക്കളിലും കുട്ടികളിലും വികസിക്കുന്നില്ല.
- ❖ സാഹചര്യങ്ങളുടെ അഭാവം.(എസ്.എസ്.എ)

## അക്കാദമിക പ്രവർത്തനം - ബജറ്റ്നിർദ്ദേശം

## വിദ്യാലയവികസനത്തിന്റെ സുപ്രധാനഘടകമാണ് ഭൗതികവികസനം

### ഭൗതികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| | * തറയോട് പാകിയ മുറ്റം | അടുത്ത 5 വർഷം | പി.റ്റി.എ മാനേജ്മെന്റ് | പഞ്ചായത്ത് പൂർവ വിദ്യാർഥി സമൂഹം |
| | * നവീകരിച്ച ലൈബ്രറി | അടുത്ത 5 വർഷം | പി.റ്റി.എ മാനേജ്മെന്റ് | പഞ്ചായത്ത് പൂർവ വിദ്യാർഥി സമൂഹം |
| | * പ്രൊജക്ടർ ലാപ്ടോപ്പുകൾ | അടുത്ത 5 വർഷം | പി.റ്റി.എ മാനേജ്മെന്റ് | പഞ്ചായത്ത് എം.പി എം.എൽ.എ |
| | * ആൺകുട്ടികൾക്ക് (URINAL) | അടുത്ത വർഷം | പി.റ്റി.എ മാനേജ്മെന്റ് | പഞ്ചായത്ത് ഗവൺമെന്റ് പി.റ്റി.എ |
| അനുയോജ്യവും ആകർഷവുംമായ ഭൗതീകസൗകര്യം | * GIRLS FRIENDLY TOILET<br>ലഭിച്ചു - ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. | അടുത്ത 1 വർഷം | പി.റ്റി.എ മാനേജ്മെന്റ് | പഞ്ചായത്ത് ഗവൺമെന്റ് പി.റ്റി.എ |
| | * മിക്സി, കുക്കർ തുടങ്ങിയ ആധുനിക സൗകര്യങ്ങൾ | അടുത്ത 1 വർഷം | പി.റ്റി.എ മാനേജ്മെന്റ് | പൂർവ വിദ്യാർഥികൾ പി.റ്റി.എ |
| | * ഡൈനിംഗ്ഹാൾ | അടുത്ത 2 വർഷം | പി.റ്റി.എ മാനേജ്മെന്റ് | പഞ്ചായത്ത് മാനേജ്മെന്റ് |
| | * പൂന്തോട്ടം<br>* ഔഷധത്തോട്ടം<br>* കൃഷിത്തോട്ടം | അടുത്ത 1 വർഷം<br>അടുത്ത 1 വർഷം<br>അടുത്ത 1 വർഷം | പി.റ്റി.എ | വിദ്യാർഥികൾ പി.റ്റി.എ മാനേജ്മെന്റ് |

ഭൗതികം

| അക്കാദമികം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ ഫലപ്രദമായി വായിക്കാനും എഴുതാനുമുള്ള ശേഷി വികസിപ്പിക്കൽ | ❖ പ്രീടെസ്റ്റ് | ജൂൺ ആദ്യവാരം | ക്ലാസ് ടീച്ചർ |
| | ❖ പരിഹാര പ്രവത്തനങ്ങൾ തയ്യാറാക്കൽ | ജൂൺ ആദ്യവാരം | എച്ച്.എം, ക്ലാസ് ടീച്ചർ |
| | ❖ വായന സാമഗ്രികൾ ശേഖരിക്കൽ | ജൂൺ19 ആദ്യവാരം | ക്ലാസ് ടീച്ചർ, പി.റ്റി.എ |
| | ❖ ഇംഗ്ലീഷ് അസംബ്ലി | ആഴ്ചയിൽ | ക്ലാസ് ടീച്ചർ |
| | ❖ സംസ്കൃത അസംബ്ലി | ഒരിക്കൽ | ക്ലാസ് ടീച്ചർ |
| | ❖ പതിപ്പുകൽ | ജൂൺ മുതൽ | അദ്ധ്യാപകൻ |
| | ❖ മാഗസീനുകൽ | മാർച്ച് വരെ | കുട്ടികൾ |
| | ❖ സ്കൂൾ ലൈബ്രറി സജ്ജികരിക്കൽ | ജൂൺ മൂന്നാം ആഴ്ചമുതൽ | അദ്ധ്യാപകർ കുട്ടികൾ |
| | ❖ ക്ലാസ് ലൈബ്രറി സജ്ജികരിക്കുക | ജൂൺ മൂന്നാം ആഴ്ചമുതൽ | ക്ലാസ് ടീച്ചർ കുട്ടികൾ |
| | ❖ കുട്ടികളുടെ ലൈബ്രറി സന്ദർശനം | ജൂലൈ ആദ്യവാരം മുതൽ | അദ്ധ്യാപകർ പി.റ്റി.എ |
| പഠന നേട്ടങ്ങൾ ഉറപ്പാക്കാൻ | ❖ പഠനയാത്രകൻ | ഡിസംബർ ജനുവരി | പി.റ്റി.എ എച്ച്.എം അദ്ധ്യാപകർ |
| ഐ.ടി അധിഷ്ഠിത പഠനം | ❖ പഠന വിഭവവുമായി ബന്ധപ്പെട്ട ഓഡിയോ വീഡിയോ ചിത്രങ്ങൾ ഇവയുടെ പ്രദർശനം | ജൂൺ മുതൽ | ഐ.ടി-കോ ഓർഡിനേറ്റർ ക്ലാസ്ടീച്ചർ |
| ആരോഗ്യ കായിക പരിശീലനം | ❖ യോഗ<br>❖ കായികപരിശീലനം | ജൂൺ മുതൽ | ക്ലാസ് ടീച്ചർ |

| | | | |
|---|---|---|---|
| പ്രവൃത്തി പരിചയം | ❖ Vegetable Printing<br>❖ Fabric Painting | ജൂൺ മുതൽ | ക്ലാസ് ടീച്ചർ |
| ഭിന്നശേഷിക്കാർക്കുള്ള പരിശീലനം | ❖ Origami<br>❖ ചിത്രങ്ങൾ | | |
| | | | |

ശാസ്ത്ര പഠനം

| ലക്ഷ്യം | പ്രവത്തർനം | കാലം | ചുമതല |
|---|---|---|---|
| V മുതൽ VII വരെയുള്ള ക്ലാസ്സിലെ ഗണിത ശാസ്ത്രപഠന പ്രവർത്തനങ്ങൾ ആസ്വാദ്യകരവും പ്രവർത്തനാധിഷ്ഠിതവുമാക്കുന്നതിന് | ❖ പഠനയാത്രകൾ | 1 വർഷം | അധ്യാപകർ, കുട്ടികൾ, രക്ഷിതാക്കൾ |
| | ❖ ഔഷധത്തോട്ട നിർമ്മാണം | 1 വർഷം | അധ്യാപകർ, കുട്ടികൾ, രക്ഷിതാക്കൾ |
| | ❖ പരീക്ഷണങ്ങൾ | 1 വർഷം | അധ്യാപകർ, കുട്ടികൾ |
| | ❖ ശാസ്ത്ര, ഗണിത ശാസ്ത്ര മേളകൾ | ഒക്ടോബർ | അധ്യാപകർ, കുട്ടികൾ, രക്ഷിതാക്കൾ |

# അക്കാദമിക പ്രവർത്തനം -ബജറ്റ് നിർദ്ദേശം

വിദ്യാലയ വികസന പദ്ധതിയിൽ സുപ്രധാനമായ മേഖലയാണ് ഭൗതിക സൗകര്യങ്ങളുടെ വികസനം. അക്കാദമിക മികവ് ഉറപ്പാക്കുന്നതിന് സഹായകമായ ഭൗതിക സൗകര്യങ്ങളാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്.

| ക്രമ നമ്പർ | പ്രവർത്തനം | തുക | ഏജൻസി |
|---|---|---|---|
| | **സങ്കലിത വിദ്യാഭ്യാസം** | | |
| 1 | റിസോഴ്സ് അധ്യാപക സേവനം | | SSA |
| 2 | അധ്യാപക പരിശീലനം | 20x500=10000 | SSA |
| 3 | മെഡിക്കൽ ക്യാമ്പ് | | സംഘടനകൾ |
| 4 | രക്ഷകർത്ത്യ ബോധവത്കരണം | | സംഘടനകൾ |
| 5 | കലാപരിപാടി | | P.T.A |
| 6 | കായികപരിപാടി | | P.T.A |
| 7 | ഉല്ലാസയാത്ര | | P.T.A |
| 8 | ദിനാചരണം | | P.T.A |
| 9 | സ്നേഹസന്ദർശനം | | P.T.A |
| | **മലയാളം** | | |
| 10 | പ്രീ-ടെസ്റ്റ് 2023-24 • ലിപി പരിഷ്കരണം | 500 | അധ്യാപകർ P.T.A |
| 11 | I.C.T അധിഷ്ഠിത പഠനം • മലയാളത്തിളക്കം | | |
| 12 | ക്ലാസ് P.T.A (4 തവണ) 2025-26 | | |
| 13 | ശില്പശാല (കഥ, കവിത, നാടകം) | | P.T.A |
| 14 | ഹൈടെക് ക്ലാസുകൾ • ശ്രദ്ധ | | |
| 15 | ക്ലാസ് ലൈബ്രറി, വായനമൂല | | |
| 16 | അധ്യാപക കൂട്ടായ്മ (പഞ്ചായത്ത് തലം) | | പഞ്ചായത്ത് |
| 17 | കുട്ടികളുടെ പ്രസിദ്ധീകരണം | 750 | P.T.A |
| 18 | കൈയെഴുത്തു മാഗസിൻ | | |
| 19 | ചുമർ മാഗസിൻ | | |
| 20 | എന്റെ മലയാളം ബ്ലോഗ് | | |
| 21 | സ്കൂൾ വെബ് സൈറ്റ് | | |
| 22 | ക്ലാസ് അന്തരീഷം | | |
| 23 | പോസ്റ്റ് ടെസ്റ്റ് | 500 | P.T.A |
| 24 | സ്കൂൾ ലൈബ്രറി | | |
| 25 | ഭാഷാലാബ് | | |
| | **3.ഹിന്ദി , സംകൃതം** | | |
| 26 | പ്രീ-ടെസ്റ്റ് | 500 | P.T.A |
| 27 | പരിഹാരബോധനം | | |
| 28 | I.C.T അധിഷ്ഠിത പാഠാസൂത്രണം | | |

| | | | |
|---|---|---|---|
| 29 | കവിത ശില്പശാല | | |
| 30 | വായനാക്കാർഡ് നിർമ്മാണം | | |
| 31 | പോസ്റ്റ് ടെസ്റ്റ് | | |
| 32 | ഇൻലന്റ് മാഗസിൻ | | |
| | **ഇംഗ്ലീഷ്** | | |
| 33 | പ്രീ-ടെസ്റ്റ് 2025-26 | | |
| 34 | പരിഹാര ബോധനം | | |
| 35 | I.C.T അധിഷ്ഠിത ആസൂത്രണം | | |
| 36 | പുസ്തക പ്രദർശനം | | |
| 37 | ഇംഗ്ലീഷ് ക്യാമ്പ് | | |
| 38 | നാടകം | | |
| 39 | വായനാകാർഡ് | | |
| 40 | പോസ്റ്റ് ടെസ്റ്റ് | | |
| | **ഗണിതം** | | |
| 41 | പ്രീ-ടെസ്റ്റ് | | |
| 42 | ഗണിതക്ലബ്ബ് • ഗണിതനിലങ്ങ് | | |
| 43 | പഠനോപകരണ ശില്പശാല 2023-24 | | |
| 44 | ക്ലാസ് ലൈബ്രറി | | |
| 45 | I.C.T പരിശീലനം • ഗണിതലാബ് സജ്ജീകരണം | | |
| 46 | ക്ലാസ് P.T.A • ഗണിത പുസ്തകം | | |
| 47 | മെട്രിക് മേള 2024-25 | | |
| 48 | ഗണിതോത്സവം | | |
| 49 | പോസ്റ്റ് ടെസ്റ്റ് | | |
| | **അടിസ്ഥാന ശാസ്ത്രം** | | |
| 50 | പ്രീ-ടെസ്റ്റ് 2024-25 | | |
| 51 | പ്രാദേശിക പഠനം × ശാസ്ത്രലാബ് | | |
| 52 | മുന്നൊരുക്കം വികസനം | | |
| 53 | പഠനാസൂത്രണം × ശാസ്ത്രമാസിക. | | |
| 54 | പരീക്ഷണശാല | | |
| 55 | ശാസ്ത്രോത്സവം | | |
| 56 | പഠനയാത്രകൾ | | |
| 57 | പോസ്റ്റ് ടെസ്റ്റ് | | |
| | **മാനവിക വിഷയങ്ങൾ** | | |
| 58 | പ്രീ-ടെസ്റ്റ് 2024-25 | | |
| 59 | ക്ലബ്ബ് പ്രവർത്തനങ്ങൾ × Echoclub | | |
| 60 | വിഷയസമിതി (Nest-life) | | |
| 61 | ശില്പശാല 7days activites | | |
| 62 | വിദഗ്ദ്ധരുടെ ക്ലാസുകൾ | | |
| 63 | പോസ്റ്റ് ടെസ്റ്റ് | | |

| | | | |
|---|---|---|---|
| 64 | പഠനയാത്രകൾ | | |
| | **കല-സംസ്ക്കാരം** | | |
| 65 | പ്രാദേശിക വിഭവ-പടം | | |
| 66 | കഥ, കവിത, ക്യാമ്പുകൾ | | |
| 67 | പാവനാടകം | | |
| 68 | ഒറിഗാമി | | |
| 69 | ദിനാചരണങ്ങൾ | | |
| 70 | സ്കൂൾ വാർഷികം | | |
| 71 | പ്രാദേശിക ചിത്രരചന | | |
| 72 | സ്കൂൾ മാഗസിൻ | | |
| 73 | ഡോക്യുമെന്റേഷൻ | | |
| 74 | സൗന്ദര്യവത്കരണം | | |
| 75 | രക്ഷാകർത്തൃവത്കരണം | | |
| 76 | ആർട്ട് ഗാലറി | | |
| 77 | മ്യൂസിയം | | |
| | **ഗൈഡൻസ് & കൗൺസലിംഗ്** | | |
| 78 | ആർദ്രം.<br>ഭക്ഷണം, ആരോഗ്യം& ശുചിത്വം | | |
| 79 | ബോധവത്കരണ പരിപാടി | | |
| 80 | ഉച്ചഭക്ഷണപരിപാടി | | |
| 81 | തെളിനീർ കുടിവെള്ളപദ്ധതി | | |
| 82 | ശുചിത്വമുള്ള ടോയ്‌ലറ്റ് | | |
| 83 | പ്രാദേശിക ബോധവത്കരണ ക്ലാസ് | | |
| | **പ്രവർത്തി പരിചയ പഠനവും, ക്ലബ്ബ് പ്രവർത്തനവും** | | |
| 84 | ജൈവവൈവിധ്യ ഉദ്യാനം | | |
| 85 | പഠനയാത്രകൾ | | |
| 86 | രക്തഗ്രൂപ്പ് നിർണ്ണയം | | |
| 87 | ക്ലബ്ബ് പ്രവർത്തനം, പാഠാസൂത്രണം | | |
| 88 | എന്റെ മരം പദ്ധതി | | |
| 89 | ജൈവ വൈവിധ്യ രജിസ്റ്റർ | | |
| | **ആരോഗ്യ- കായിക വിദ്യാഭ്യാസം** | | |
| 90 | ടാലന്റ് സെർച്ച് | | |
| 91 | കായികപരിശീലനം, നീന്തൽപരിശീലനം | | |
| 92 | കായിക ശില്പശാല | | |
| 93 | പ്രാദേശിക പ്രതിഭാശില്പശാല | | |
| 94 | പഠന സമയം | | |
| 95 | വിദഗ്ദ്ധരുടെ ക്ലാസുകൾ | | |

| | മറ്റു പ്രവർത്തനങ്ങൾ | | |
|---|---|---|---|
| 96 | WIFI സൗകര്യം | | SSA |
| 97 | സ്കൂൾ വെബ്സൈറ്റ് | | |
| 98 | പേപ്പർബാഗ്, കുട, ചോക്ക് നിർമ്മാണം | | |
| 99 | അറ്റകുറ്റപ്പണികൾ | 50,000 | പി.റ്റി.എ |
| 100 | Waste Bin | | മാനേജ്മെന്റ് |